18

# നൽകൽ നൽകുന്നയാൾക്ക് എന്തു ചെയ്യും

## (4:14- 20)

ലേഖനത്തിന്റെ ആരംഭത്തിൽ ഫിലിപ്പിയരുടെ സംഭാവനയെ കുറിച്ച് പറഞ്ഞു തുടങ്ങിയിട്ട് ഉപസംഹരിക്കുന്നതുവരെ അഭിനന്ദിക്കുവാൻ കാത്തിരുന്നതെന്താണെന്ന് ചിലർ സംശയിച്ചേക്കാം. കുറഞ്ഞ ഘടനയുള്ള വ്യക്തിപരമായ ലേഖനമാണ് അതെന്ന് ഓർമ്മിക്കുക. ഗുണഭോക്താവിന് ലേഖനത്തിന്റെ ഉദ്ദേശം ഉടൻ മനസിലാക്കണമെന്നും എന്നാൽ വാസ്തവത്തിലുള്ള നന്ദിപ്രകടനവാക്കുകൾ ലേഖനത്തിന്റെ അവസാന ഘട്ടത്തിലേക്ക് മാറ്റി വെക്കുകയുമായിരുന്നു.

"നന്ദി" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്ക് (*എയുക്കാരിസ്റ്റിയ*) നന്ദിപ്രകടനത്തിന് പൗലൊസ് ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. വാസ്തവത്തിൽ, 4:10–20 ലെ അവന്റെ നന്ദി സൂചിപ്പിക്കുന്ന പ്രസ്താവന അസാധാരണമായ "നിങ്ങൾക്ക് നന്ദി" എന്നു പറയുന്നതാണ്. പൗലൊസ് ആ വിഷയത്തെ അങ്ങനെ കൈകാര്യം ചെയ്തത് എന്തുകൊണ്ടാണെന്ന് അറിയുവാൻ, സാമ്പത്തിക സഹായത്തോടുള്ള അവന്റെ മനോഭാവം നാം തിരിച്ചറിയണം.

ദൈവ വചനം പ്രസംഗിക്കുന്നവരും ഉപദേശിക്കുന്നവരും അതിനാൽ ജീവിക്കുവാനുള്ള അവകാശം ഉള്ളതായി യേശു പഠിപ്പിച്ചിരിക്കുന്നു (ലൂക്കൊ. 10:7). പൗലൊസും അതു തന്നെ പറഞ്ഞിരിക്കുന്നു (1 കൊ. 9:9–11, 13, 14; ഗലാ. 6:6). ഒരു സുവിശേഷകന് "ലൗകികമായ" ഒരു ജോലി ചെയ്യുവാനില്ലെങ്കിൽ, അയാൾക്ക് കൂടുതൽ സമയം പഠനത്തിനും ആളുകളെ കൂടുതൽ ശുശ്രൂഷിക്കുന്നതിനും കഴിയും.

എങ്ങനെയായാലും, പൗലൊസ് പ്രവർത്തിച്ചിരുന്ന ഇടവകയിൽനിന്നു സാമ്പത്തിക സഹായം വാങ്ങുവാൻ മടിച്ചിരുന്നു (1 കൊ. 9:18; 2 കൊ. 11:7, 9; 1 തെസ്സ. 2:9; 2 തെസ്സ. 3:8 നോക്കുക). സുവിശേഷം പ്രസംഗിക്കുന്നതിലെ തന്റെ ലക്ഷ്യം പണം സമ്പാദിക്കലല്ല എന്ന് പൗലൊസ് തന്റെ വായനക്കാരെ അറിയിക്കുവാൻ ആഗ്രഹിച്ചിരുന്നു (2 കൊ. 12:14 നോക്കുക). അപ്പൊസ്തലൻ പലപ്പോഴും കൂടാരപ്പണി ചെയ്തുകൊണ്ടായിരുന്നു ഉപജീവനത്തിന് മാർഗം കണ്ടെത്തിയത് (പ്രവൃ. 18:1–3; 1 കൊ. 4:12; 1 തെസ്സ. 2:9; 2 തെസ്സ. 3:8 നോക്കുക).

അതേ സമയം, പൗലൊസ് മുൻപ് പ്രസംഗിച്ചിരുന്ന ഇടവകയിൽനിന്നു സാമ്പത്തിക സഹായം വാങ്ങിയിട്ടുമുണ്ട് (2 കൊ. 11:8, 9). അത്തരം സഹായം ലഭിച്ചതിനാൽ, അവന് കൂടുതൽ സമയം സുവിശേഷ ഘോഷണത്തിനായി ഉപയോഗിക്കുവാൻ സഹായിച്ചിരുന്നു (പ്രവൃ. 18:5 നോക്കുക). അപ്പോഴും, അവൻ "പണത്തിനു വേണ്ടി പ്രസംഗിക്കുന്നു" എന്ന ആരോപണം ഒഴിവാക്കുവാൻ ശ്രമിച്ചിരുന്നു.

പൗലൊസിൽ ഉണ്ടായിരുന്ന സംഘർഷമായിരിക്കാം ഫിലിപ്പിയരോടുള്ള നന്ദിപ്രകടനം അവൻ ആ രീതിയിൽ പ്രകടിപ്പിച്ചത്. തനിക്ക് ലഭിച്ച സംഭാവനക്ക് അവൻ അനുമോദിക്കുന്നതോടൊപ്പം, താൻ പ്രസംഗിക്കുന്നത് സംഭാവനക്കായിട്ടല്ല എന്ന് മറ്റുള്ളവരെ അറിയിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു. അവൻ തന്റെ അനുമോദനം അറിയിക്കുന്നതിനു അങ്ങോട്ടും ഇങ്ങോട്ടും ചലിക്കുന്നത് കാണാം (ഫിലി. 4:14–16, 19) തനിക്ക് സഹായം കൂടിയേ തീരു എന്ന പ്രവണത ഒഴിവാക്കുകയും ചെയ്തിരുന്നു (4:17).

## പങ്കിടലിലെ അനുഗ്രഹം (4:14)

**14എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി.**

**വാക്യം 14.** ഫിലിപ്പിയർ സഹായിച്ചതു നിമിത്തം ഉണ്ടായ സന്തോഷം അറിയിച്ച ശേഷം (4:10), അത്തരം സംഭാവനകളിൽ അവൻ ആശ്രയിക്കുന്നില്ല എന്നു പറഞ്ഞു–തനിക്ക് കുറച്ചായാലും, അധികമായാലും ലഭിച്ചപ്പോൾ–കർത്താവാണ് സഹായിച്ചത് (4:11–13). അതിനർത്ഥം അവൻ ഫിലിപ്പിയരുടെ സംഭാവനയെ അനുമോദിച്ചില്ല എന്നല്ല, അവൻ ഉടനെ പറഞ്ഞു, എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചു. "നിങ്ങൾ അയച്ചു തന്നത് വാസ്തവത്തിൽ എനിക്ക് ആവശ്യമായിരുന്നു; അതില്ലായിരുന്നു എങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നു എനിക്ക് അറിയില്ല!" എന്നു പൗലൊസിനു പറയുവാൻ കഴിയുമായിരുന്നു. അപ്പൊസ്തലന് സഹായം ആവശ്യമായിരുന്നോ എന്ന കാര്യത്തിൽ സംശയമുണ്ട്. അവൻ പറഞ്ഞത് തന്റെ "കഷ്ടത" എന്നാണ്.

"കഷ്ടത" എന്ന് തർജിമ ചെയ്ത വാക്ക് (*ത്ലിപ്സിസ്*) എന്നാണ്, അത് 1:17 ൽ തർജിമ ചെയ്തിരിക്കുന്നത് "നിരാശ" എന്നാണ്. അത് ശക്തമായ ഒരു വാക്കാണ്. "അത് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമുള്ള കഷ്ടത, അല്ലെങ്കിൽ വ്യക്തികളുടെ പ്രതികൂലത," അല്ലെങ്കിൽ "ഏതെങ്കിലും വിധത്തിലുള്ള ആത്മാവിന്റെ ഭാരം."[1] എൻഐവി യിൽ "എന്റെ വിഷമങ്ങളിൽ നിങ്ങൾ പങ്കിട്ടത് നന്നായി." പൗലൊസിന്റെ വിഷമങ്ങളിൽ ചിലത് തീർച്ചയായും സാമ്പത്തികമായിരുന്നു (4:18 നോക്കുക).

പൗലൊസിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളെ കുറിച്ച് താഴെ കൊടുത്തിരിക്കുന്നത് പരിഗണിക്കുക. ചിലപ്പോൾ താൻ മുൻപ് പ്രവർത്തിച്ച സ്ഥലങ്ങളിൽനിന്നു പൗലൊസിനു സാമ്പത്തിക സഹായം ലഭിച്ചു, ചിലപ്പോൾ ലഭിച്ചതുമില്ല. ആ സമയത്ത് അത് വലിയ പ്രശ്നമായിരുന്നില്ല. കാരണം അവനു പുറത്തു പോയി കൂടാരപ്പണി ചെയ്യാമായിരുന്നു. എങ്ങനെയായാലും, നാല് വർഷത്തോളം (പ്രവൃ. 24:27; 28:30) തടവിലായിരുന്നതുകൊണ്ട് ജോലി ചെയ്യുവാൻ കഴിഞ്ഞില്ല. അത് സ്വതന്ത്രനായ അപ്പൊസ്തലൻ മറ്റുള്ളവരെ ആശ്രയിക്കുന്നവനാക്കി മാറ്റി. ആ സാഹചര്യം ചിലപ്പോൾ അവനെ അലോസരപ്പെടുത്തിയോ? അലോസരപ്പെടുത്തിയിരിക്കാം.

ഫിലിപ്പിയയിൽനിന്നു സംഭാവന എത്തിയപ്പോൾ, അവൻ സാമ്പത്തികമായി ഒരുപക്ഷെ പാപ്പരായിരുന്നേക്കാം. അതുകൊണ്ട് അവൻ അവരോട് പറഞ്ഞു, "നിങ്ങൾ എന്നോടുകൂടെ പങ്കിടുകയാണ് ചെയ്തത്." "നന്നായി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*കലോസ്*) പറയുന്നത് "നൈസർഗികമായ നല്ലത്,

ശ്രേഷ്ഠമായ, ഉന്നതമായ, ന്യായമായ, മനോഹരമായ"[2] ഫലത്തിൽ പൗലൊസ് പറഞ്ഞു, "നിങ്ങൾ ചെയ്തത് മനോഹരമായി ശരിയായതാണ്."

അവരുടെ സംഭാവനയെ പൗലൊസ് "പങ്കിടൽ" എന്ന വാക്ക് ഉപയോഗിച്ചാണ് പറഞ്ഞത്. ഫിലിപ്പിയർ മുൻപും ഇപ്പോഴും *പങ്കിടുന്നത്* ആയാണ് പൗലൊസ് വ്യക്തമാക്കിയത് (1:5, 7). "പങ്കിടൽ" എന്ന വാക്ക് വീണ്ടും 4:14 ലും 15 ലും ഉപയോഗിച്ചിരിക്കുന്നു. "പങ്കിടൽ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *സൺകോയിനോമെയോ* എന്ന സംയുക്തവാക്കാണ്, അതിൽ കോയിനോമെയോ എന്നത് ആമുഖമായി കാണാം, "പങ്കിടൽ" എന്നതിനോട് *സൺ*, "കൂടെ" എന്നും കാണാം. അവന്റെ സാമ്പത്തിക ഭാരം ഏറ്റെടുത്ത് ഫിലിപ്പിയർ അവനോട് കൂട്ടായ്മ കാണിക്കുകയായിരുന്നു.

## സഹായിക്കുന്നതിലെ തൃപ്തി
## (4:15, 16)

**15 ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കെദോന്യയിൽ നിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവു ചെലവുകാര്യത്തിൽ എന്നോട് കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. 16 തെസലൊനിക്യയിലും എന്റെ ബുദ്ധിമുട്ട് തീർപ്പാൻ നിങ്ങൾ ഒന്നുരണ്ടുവട്ടം അയച്ചു തന്നുവല്ലോ.**

**വാക്യം 15.** ഫിലിപ്പിയർ ഇപ്പോൾ മാത്രമല്ല പൗലൊസിനെ സഹായിച്ചത് (1:5 നോക്കുക). ഫിലിപ്പിയയിൽ സഭ ആരംഭിച്ചു പത്തു വർഷത്തോളമായി അവർ പൗലൊസിനു നൽകിയ പിന്തുണ അപ്പൊസ്തലനു നല്ല ബോധ്യമുണ്ടായിരുന്നു.

**നിങ്ങൾ തന്നെ അറിയുന്നുവല്ലൊ.** "കൂടാതെ" എന്ന വാക്ക് അവരുടെ ഔദാര്യത്തെ പൗലൊസ് അറിയുന്നു എന്നും, അവർക്കും അത് അറിയാമെന്നും അന്തർലീനമാക്കുന്നു. സുവിശേഷ ഘോഷണത്തിന്റെ ആരംഭത്തിൽ എന്ന പ്രയോഗം, എൻഏഎസ്ബിയിലെ കുറിപ്പിൽ: "അക്ഷരിക [മായി] *ആരംഭത്തിൽ* എന്നാണ്." അതിനർത്ഥം ഫിലിപ്പിയരുടെ സുവിശേഷ ഘോഷണത്തിന്റെ ആരംഭത്തിൽ എന്നാണ്. എൻഐവിയിൽ "സുവിശേഷവുമായുള്ള നിങ്ങളുടെ ആദ്യ ബന്ധത്തിൽ" എന്നാണ്. ഫിലിപ്പിയയിലെ പൗലൊസിന്റെ പുതിയ സുവിശേഷ ദൗത്യത്തിന്റെ ആരംഭത്തിൽ എന്നു പറയാം (പ്രവൃ. 16:9–12; ഫിലി. 1:5 നോക്കുക).

മക്കെദൊന്യ വിട്ടുപോയതായി പൗലൊസ് പറഞ്ഞു. ഫിലിപ്പിയ മക്കെദൊന്യയിലായിരുന്നു (പ്രവൃ. 16:12), അത് ഇപ്പോഴത്തെ ഗ്രീസിന്റെ വടക്കു ഭാഗത്തായിരുന്നു. അപ്പൊസ്തലൻ ആ പ്രദേശം വിട്ടുപോയശേഷം, അവൻ അഖായയിലേക്കാണ് പോയത്, ഗ്രീസിന്റെ തെക്കുഭാഗത്തായിരുന്ന അഥേനയിലും കൊരിന്തിലും അവൻ പ്രസംഗിച്ചു (പ്രവൃ. 17:15–18:11). പൗലൊസ് ഫിലിപ്പിയരോടു പറഞ്ഞു, **ഞാൻ മക്കെദൊന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവു ചെലവു കാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല.** 2 കൊരിന്ത്യർ 11:8, 9 അനുസരിച്ച് പൗലൊസ് കൊരിന്ത്യയിലായിരുന്നപ്പോൾ, ഫിലിപ്പിയയിലെ ക്രിസ്ത്യാനികളായിരുന്നു സഹായിച്ചത് എന്ന് തീർച്ചയാക്കാം.

എങ്ങനെയായാലും, 2 കൊരിന്ത്യർ 11:8, 9 എഴുതിയപ്പോൾ, കൊരിന്ത്യയിൽ വെച്ച് ലഭിച്ച സഹായം “സഭകളിൽനിന്നായിരുന്നു” എന്നാണ് പറഞ്ഞത്. അപ്പോൾ, പിന്നെ, “വരവു ചെലവു കാര്യങ്ങളിൽ നിങ്ങൾ മാത്രമെ കൂട്ടായ്മ കാണിച്ചുള്ളു എന്നു അപ്പൊസ്തലൻ പറയുവാൻ കാരണം എന്താണ്?” “നൽകലും സ്വീകരിക്കലും” സംബന്ധിച്ച് പൗലൊസിന്റെ പ്രസ്താവനയെ എഴുത്തുകാർ വിശദീകരിക്കുവാനായി പ്രത്യേക വ്യാഖ്യാനങ്ങൾ നടത്തിയിരിക്കുന്നു. ഫിലിപ്പിയർ പൗലൊസിന് സാമ്പത്തിക സഹായം നൽകിയപ്പോൾ, തിരിച്ച് പൗലൊസിൽനിന്ന് അവർക്ക് ആത്മിയ സഹായം “ലഭിച്ചു.” എന്നാണ് ചിലർ പറയുന്നത്. മറ്റുള്ളവർ പറയുന്നത് ഫിലിപ്പിയർ പൗലൊസിനെ “സഹായിക്കുകയും,” അവനിൽനിന്ന് അവർക്ക് രസീത് “ലഭിക്കുകയും” ചെയ്തു എന്നാണ്. പൗലൊസിന് ഏതൊരു ഇടവകയിൽനിന്നു സഹായം ലഭിച്ചാലും അവ രണ്ടും വാസ്തവമായിരിക്കയില്ലേ? ഫിലിപ്പിയർ സാമ്പത്തിക സഹായം നൽകുകയും പൗലൊസ് അത് സ്വീകരിക്കുകയും ചെയ്തു എന്നതാണ് ലളിതമായ വിവരണം.

അപ്പോഴും “നിങ്ങൾ മാത്രം” എന്നത് വിശദമാക്കുന്നില്ല. ഫിലിപ്പിയ ഇടവക മാത്രമാണ് സഹായത്തിന്റെ കാര്യത്തിൽ സ്ഥിരത കാണിച്ചത് എന്നായിരിക്കാം പൗലൊസ് പറഞ്ഞത്–മിഷ്ണറി പ്രവർത്തനങ്ങളിൽ തുടർച്ചയായി പങ്കാളികളാകുക. “നിങ്ങൾ മാത്രം” എന്ന വാക്കുകളുടെ പ്രാധാന്യം എന്തായാലും, ഫിലിപ്പിയയിലെ ക്രിസ്ത്യാനികളുടെ സേവനത്തിന്റെ പ്രത്യേകത പൗലൊസ് എടുത്തു കാണിക്കുകയായിരുന്നു. ഫിലിപ്പിയർ അങ്ങനെ ചെയ്തതു മറ്റുള്ളവർ ചെയ്തതുകൊണ്ടായിരുന്നില്ല (അല്ലെങ്കിൽ അവരാരും ചെയ്യാതിരുന്നു എന്നതിനാലുമായിരുന്നില്ല). അവർ പൗലൊസിനെ സ്നേഹിക്കുകയും, അവനെ സഹായിക്കുകയും ചെയ്തു–മറ്റുള്ളവർ ചെയ്താലും ഇല്ലെങ്കിലും.

**വാക്യം 16**. താൻ മക്കെദൊന്യ വിട്ടു പോയപ്പോൾ മുതൽ ഫിലിപ്പിയർ സാമ്പത്തികസഹായം അയച്ചു തരുവാൻ തുടങ്ങിയത് പൗലൊസ് ഓർത്തു. ഫിലിപ്പിയയിൽ നിന്നു നൂറുമൈൽ റോമൻ ഹൈവേയിൽകൂടെ അവൻ യാത്ര ചെയ്തു എഗ്നേഷ്യ വഴി അവൻ തെസ്സലൊനിക്യയിലേക്ക് പോയി (പ്രവൃ. 16:39–17:1). അവിടെ, കുറെ കാലം അവൻ പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്തു. അവിടെ അവൻ തന്റെ പരമ്പരാഗത ജോലിയിലേർപ്പെട്ടിരുന്നു (1 തെസ്സ. 2:9; 2 തെസ്സ.3:8), എന്നാൽ ഫിലിപ്പിയയിൽനിന്നുള്ള സഹായവും ലഭിച്ചു. തെസ്സലൊനിക്യയിൽ വെച്ചു പോലും, പൗലൊസ് എഴുതി, **നിങ്ങൾ ഒന്നുരണ്ടുവട്ടം അയച്ചു തന്നു**.

നാം അതിനെ കുറിച്ച് ചിന്തിക്കുമ്പോൾ, വിസ്മയിപ്പിക്കുന്നതായിരുന്നു. ഫിലിപ്പിയ സഭ ചെറുതും വിശ്വാസത്തിൽ യുവത്വത്തിലും ആയിരുന്നു. ബൈബിൾ അനുസരിച്ചും ലൗകിക ചരിത്രം അനുസരിച്ചും, പ്രദേശത്തെ പൗരന്മാർ സാമ്പത്തിക പരാധീനതയിലായിരുന്നു (2 കൊ. 8:1–4 നോക്കുക) തെസ്സലൊനിക്യ വലിയതും സമൃദ്ധിയുള്ളതുമായ പട്ടണമായിരുന്നു. എങ്കിലും, ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ പൗലൊസിനു സഹായം എത്തിച്ചുകൊടുത്തു.

## സ്വർഗീയ “വിവരണം” പണിതു
## (4:17, 18)

**[17]ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്ക് ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നത്. [18]ഇപ്പോൾ എനിക്ക് വേണ്ടുന്നത് എല്ലാം ഉണ്ട്; സമൃദ്ധിയുമായിരിക്കുന്നു ...**

ഇംഗ്ലീഷ് തർജിമയിൽ എപ്പോഴും സ്പഷ്ടമല്ല, എന്നാൽ പൗലൊസ് തന്റെ “നിങ്ങൾക്ക് നന്ദി” എന്ന കുറിപ്പിലുടനീളം വ്യാവസായിക ഭാഷയാണ് ഉപയോഗിച്ചത്:

> അവൻ പറഞ്ഞു, “നിങ്ങൾ മാത്രമല്ലാതെ ... മറ്റൊരു സഭയും എന്നോട് കൂട്ടായ്മ കാണിച്ചില്ല.” “പങ്കിട്ടു” എന്നത് തർജിമ ചെയ്തത് “പങ്കാളിയാകുക” എന്നാണ്[3] ഫിലിപ്പിയർ പൗലൊസിനോടുകൂടെ ആത്മിയ പങ്കാളികളായി തീർന്നു. ആവൻ മലോൺ ഇതിനെ ഇങ്ങനെ സമാന്തര പ്രയോഗം നടത്തി: “മറ്റൊരു ഇടവകയും എന്നോടകൂടെ ബിസിനസ് നടത്തിയില്ല ...”[4]
>
> പങ്കാളിത്വത്തിന് കർശനമായ കണക്കുകൾ വേണം. അതുകൊണ്ട്, പൗലൊസ് “കൊടുക്കൽ വാങ്ങൽ” സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു. ജാക് ജെ. മുള്ളർ പറഞ്ഞതനുസരിച്ച്, ഇത് “വ്യാവസായിക വാക്കാണ്, അതിനാലാണ് വരവ് ചെലവ് കണക്കുകളെ സൂചിപ്പിച്ചത്.”[5] ടിഈവി യിൽ “ലാഭ നഷ്ടം” എന്നാണ്. ബാവർ ഉപയോഗിച്ചത് സാമ്പത്തിക ലെഡ്ജറിലെ “ക്രെഡിറ്റും ഡെബിറ്റും” എന്നാണ്.[6]

വാക്യങ്ങൾ 17 ലും 18 ലും വ്യാവസായിക ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

**വാക്യം 17.** ഫിലിപ്പിയരുടെ കഴിഞ്ഞ കാല സംഭാവനയെ പറഞ്ഞ ശേഷം, താൻ വേറെ സംഭാവന സ്വീകരിക്കുവാനാഗ്രഹിക്കുന്നില്ല എന്നുകൂടെ ഊന്നി പറയുവാനാണ് പൗലൊസ് വിചാരിച്ചത്: ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്ക് ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നത്. ക്രിസ്ത്യാനിയെ നൽകുവാൻ പ്രചോദിപ്പിക്കുന്ന ഒരു വാക്യം ചുരുക്കി പറയുവാൻ പറഞ്ഞാൽ അത് ഇതാണ്. എല്ലാ ക്രിസ്ത്യാനികളും നൽകുവാനുള്ള കൽപന ദൈവം ദൈവശ്വാസിയ എഴുത്തുകാരിൽകൂടെ കൊടുത്തിരിക്കുകയാണ് (1 കൊ. 16:1, 2 നോക്കുക). അത് അവനു എന്തെങ്കിലും വേണമെന്നുള്ളതുകൊണ്ടല്ല (പ്രവൃ. 17:25 നോക്കുക), മറിച്ച്, നമുക്ക് അതു വേണം. നമ്മുടെ നൽകൽ എന്തു ചെയ്യുമെന്നുള്ളതുകൊണ്ടാണ് നമ്മോട് നൽകുവാൻ പറഞ്ഞിരിക്കുന്നത്. പൗലൊസിന്റെ വാക്കുകൾ എൽബി സമാന്തരപ്രയോഗം നടത്തിയിരിക്കുന്നു: “നിങ്ങളുടെ ദാനത്തെ ഞാൻ അനുമോദിക്കുന്നു എങ്കിലും, നിങ്ങളുടെ ദയവ് *നിങ്ങൾക്ക്* ലഭിക്കുന്ന പ്രതിഫലത്തെ ഓർത്താണ് ഞാൻ ഏറ്റവും അധികം സന്തോഷിക്കുന്നത്” (ഏംഫസിസ് ആഡഡ്).

എൻഏഎസ്ബിയിൽ തർജിമ ചെയ്ത “ലാഭം” എന്ന വാക്ക് “ഫലം” എന്ന വാക്കിനുള്ളതാണ്. കണക്കു വിദഗ്ദ്ധർ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഒരു എക്കൗണ്ടിലെ ഇന്റെറെസ്റ്റ് കണക്കാക്കിയാണ്, ആ അർത്ഥത്തിലാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആർഈഥബിയിൽ “നിങ്ങളുടെ കണക്കിൽ ഏറുന്ന പലിശ”

ആയിട്ടാണ്. പ്രാദേശികമായ ഒരു ബാങ്കിൽ എനിക്ക് ഒരു എക്കൗണ്ട് ഉണ്ട്, അവർ എനിക്ക് നാമമാത്രമായ പലിശ നൽകും. ഓരോ ദിവസവും നീക്കിയിരിപ്പിൽ ഒരു ചെറിയ സംഖ്യയുടെ വർദ്ധനവ് ഉണ്ടായിരിക്കും. ഫിലിപ്പിയർ പൗലൊസിനെ സഹായിച്ചപ്പോൾ, അവർ തങ്ങളുടെ നിക്ഷേപം സ്വർഗത്തിൽ സ്വരൂപിക്കുകയായിരുന്നു (മത്താ. 6:20; 1 തിമൊ. 6:17–19). അവരുടെ "ആത്മിയ കണക്കിലേക്ക്" പലിശ ഏറുന്നതായിട്ടായിരുന്നു പൗലൊസ് പറഞ്ഞത്, എന്റെ ബാങ്ക് എക്കൗണ്ടിൽ നീക്കിയിരിപ്പ് ഓരോ ദിവസവും വർദ്ധിക്കുന്നതുപോലെ, അവരുടെ "സ്വർഗീയ കണക്കിൽ" "പ്രതിഫലം" ഏറിക്കൊണ്ടിരുന്നു. സിജെബിയിൽ, "നിങ്ങളുടെ കണക്കിൽ ക്രെഡിറ്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഞാൻ കാണുന്നു."

**വാക്യം 18.** പൗലൊസ് തന്റെ വ്യാവസായിക ഭാഷ ആ പ്രസ്താവനയിൽ മൂർദ്ധന്യാവസ്ഥയിലെത്തിച്ചു ഇപ്പോൾ എനിക്ക് വേണ്ടുന്നത് എല്ലാം ഉണ്ട്."എനിക്ക് വേണ്ടുന്നത് എല്ലാം ഉണ്ട്" എന്ന പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് (*അപെകോ പാന്റ*) "ഒരു റെസീറ്റ് സ്വീകരിക്കുന്ന സാങ്കേതിക പദമാണ്."[7] " 'മുഴുവനായി കൊടുത്തു തീർത്തു എന്നു ഒന്നാം നൂറ്റാണ്ടിൽ ബില്ലിൽ എഴുതുന്നതിനെയാണ് സൂചിപ്പിക്കുന്നത്.' "[8] അതുകൊണ്ട് എൻആർഎസ്‌വിയിൽ "ഞാൻ മുഴുവനായി കൊടുത്തു തീർത്തു" എന്നാണ്, എന്നാൽ ടിഇൗവിയിൽ "എനിക്ക് ... തന്നതിനെല്ലാമുള്ള രസീത്, ഇതാ." സൂചന എന്തെന്നാൽ "എനിക്ക് തരുവാനുള്ളതെല്ലാം തന്നു തീർന്നിരിക്കുന്നു, അതിനാൽ ഇനി അയക്കേണ്ട ആവശ്യമില്ല."

എക്കൗണ്ടിങ് വാക്കുകൾ ഉപയോഗിച്ച് പൗലൊസ് ഫിലിപ്പിയരുടെ സഹായത്തെ വെറും ഒരു സാമ്പത്തിക കൈമാറ്റമായി മാത്രം പറയുകയായിരുന്നോ? അല്ല. ചിലർ ഇന്നു ചെയ്യുന്നതുപോലെ, അവൻ അലങ്കാരപ്രയോഗം നടത്തുകയായിരുന്നു. ദൈവം അവരുടെ നല്ല പ്രവൃത്തിയെ "രേഖപ്പെടുത്തിയിരിക്കുന്നു" എന്നാണ് പൗലൊസ് അവരെ ഓർപ്പിച്ചത് (എബ്രാ. 6:10 നോക്കുക). കർത്താവ് അവർക്ക് പ്രതിഫലം കൊടുക്കാതിരിക്കുകയില്ല (1 കൊ. 3:8), അവർ ചെയ്തതിനനുസരിച്ചായിരിക്കും പ്രതിഫലം നൽകുക!

## കർത്താവിനുള്ള "യാഗം!" (4:18)

**18... ഇപ്പോൾ എനിക്ക് വേണ്ടുന്നത് എല്ലാം ഉണ്ട്; സമൃദ്ധിയുമായിരിക്കുന്നു; നിങ്ങൾ അയച്ചു തന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തൊസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ച് തൃപ്തനായിരിക്കുന്നു.**

**വാക്യം 18.** നൽകൽ എന്ന വിഷയത്തെ ആരും അവഗണിച്ചുകളയുവാൻ പൗലൊസ് ആഗ്രഹിച്ചില്ല. ബാങ്കിങ് എക്കൗണ്ടിൽനിന്നു പൗലൊസ് പൗരോഹിത്യ വാക്കിലേക്കാണ് കടക്കുന്നത്: ഇപ്പോൾ എനിക്ക് വേണ്ടുന്നതെല്ലാം ഉണ്ട്; സമൃദ്ധിയുമായിരിക്കുന്നു. **നിങ്ങൾ അയച്ചുതന്നത് സൗരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തൊസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു.**

"നിങ്ങൾ അയച്ചു തന്നത്" എന്നത് തർജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരികമായ അർത്ഥം, "നിങ്ങളിൽനിന്നുള്ള വസ്തുക്കൾ" (എൻഎഎസ്ബിയുടെ

ചില അച്ചടികളിൽ ഉള്ളതുപോലെ). പണം കൂടാതെ, വസ്ത്രവും മറ്റു സാധനങ്ങളും അവർ അയച്ചുകൊടുത്തിരിക്കാം. അവർ എന്തെല്ലാം അയച്ചുകൊടുത്താലും, ഫലത്തിൽ, അവൻ പറഞ്ഞത്, "എന്റെ ഇപ്പോഴത്തെ ആവശ്യങ്ങൾക്ക് വേണ്ടുന്നതെല്ലാം–അതിലധികവും ഉണ്ട്. കുറച്ച് ബാക്കി വന്നാൽ അത് ഭാവിയിലേക്കും ഉണ്ടായിരിക്കും."

വാക്യം 18 ന്റെ അവസാന ഭാഗത്തെ ഭാവന പഴയനിയമത്തിൻ കീഴിലുള്ള ആളുകൾ യാഗവും വഴിപാടും യഹോവക്ക് അർപ്പിച്ചിരുന്നതായിരുന്നു. ദഹനയാഗത്തിന്റെ പുക ദൈവത്തിന്നു സുഗ്രാഹ്യമായ സുഗന്ധമായി തീർന്നിരുന്നു (ഉല്. 8:21; ലേവ്യാ. 1:9, 13, 17). തന്റെ ഉദ്ദേശത്തിനായി ആളുകൾ നൽകുന്നതുപോലെ–ദൈവത്തിന്–കൂടുതൽ സുഗ്രാഹ്യമായ മറ്റൊന്നില്ല.

"ദൈവത്തിനു പ്രസാദകരമായ യാഗം" എന്നാണ് പൗലൊസ് ഉപയോഗിച്ചത്. എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാകയാൽ ദൈവത്തിനു യാഗം കഴിക്കണം (1 പത്രൊ. 2:5, 9). പഴയനിയമകാലത്ത് ആളുകൾ പാപത്തിനും സ്തുതിയും പുകഴ്ച്ചയുമായി യാഗങ്ങൾ അർപ്പിച്ചിരുന്നു (ലേവ്യാ. 4:2, 3; 7:11, 12). നമുക്ക് പാപമോചനത്തിനു യാഗം അർപ്പിക്കുവാൻ സാധ്യമല്ല; യേശു ക്രൂശിൽ അത് ചെയ്തു (എബ്രാ. 9:26; എഫെ. 5:2 നോക്കുക). എങ്ങനെയായാലും, നമുക്ക് നമ്മെത്തന്നെ അവന്നു സമർപ്പിക്കയും, സ്തുതിയും പുകഴ്ച്ചയും എന്ന സ്തോത്രയാഗം അർപ്പിക്കുവാനും കഴിയും (റോമർ 12:1; എബ്രാ. 13:15, 16; ഫിലി. 2:17 നോക്കുക). ക്രിസ്തുവിനു വേണ്ടി നാം ഉദാരമായി നൽകുന്നത് ദൈവത്തിന് പുകഴ്ച്ച അർപ്പിക്കലാണ്.

പൗലൊസ് ഫിലിപ്പിയർക്ക് വലിയ അഭിനന്ദനമാണ് നൽകിയത്. ആളുകൾക്ക് നൽകുവാനുള്ള ഏറ്റവും നല്ല ദാനമാണ് യാഗങ്ങൾ. എങ്കിൽ മാത്രമെ ദൈവത്തിനു സ്വീകാര്യമാകയുള്ളു; എങ്കിൽ മാത്രമെ അത് ദൈവത്തിന് പ്രസാദകരമാകയുള്ളു (മലാ. 1:6–8). അതുകൊണ്ട്, ഫിലിപ്പിയരുടെ സംഭാവന "സുഗ്രാഹ്യവും, ദൈവത്തിന്–പ്രസാദകരവുമായ യാഗമാണ് " എന്നു പറഞ്ഞപ്പോൾ, ഫലത്തിൽ, അപ്പൊസ്തലൻ പറഞ്ഞു, "നിങ്ങൾ ഏറ്റവും നല്ലതാണ് അയച്ചത് എന്നു എനിക്ക് അറിയാം!"

നൽകലിനെ അപ്പൊസ്തലനായ പൗലൊസ് ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുകയായിരുന്നു. ഫിലിപ്പിയർ അതു മനസിലാക്കണം എന്ന് അവൻ ആഗഹിച്ചു; അവസാനം, അവർ അവന് അയച്ച സംഭാവന വാസ്തവത്തിൽ അവനല്ല, കർത്താവിനാണ് അയച്ചത് (മത്താ. 10:40–42; 25:31–40; പ്രവൃ. 9:3–5 നോക്കുക). ഉടനെ അത് അനുഭവിച്ചത് പൗലൊസ് ആയിരുന്നു എങ്കിലും, അവസാനത്തെ ഗുണഭോക്താവ് പിതാവ് ആയിരുന്നു.

## ഓരോ ആവശ്യവും നൽകപ്പെട്ടു (4:19)

**19എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.**

**വാക്യം 19**. പൗലൊസിന്റെ സാമ്പത്തികമായ ആവശ്യങ്ങൾ ഫിലിപ്പിയർ നിറവേറ്റി. ഇപ്പോൾ അവരുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റും എന്ന് അവർ അറിയുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു. ബൈബിളിലെ ഏറ്റവും വലിയ

വാഗ്ദാനം ഇതാ: **എന്റെ ദൈവം നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും**. ജെ. ഡുവിറ്റ് പെന്തെകൊസ്റ്റ് ആ വാക്യത്തെ "വർഷങ്ങളോളമായി ദൈവപൈതലിന്റെ കാലിനടിയിലെ പാറ" എന്നാണ് വിശേഷിപ്പിച്ചത്."[9]

"ഉം" എന്ന വാക്കോടുകൂടിയാണ് വാക്യം ആരംഭിക്കുന്നത്. ഇത് മുൻവാക്യവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഫിലിപ്പിയർ പൗലൊസിനു നൽകിയ സംഭാവന അവനെ കുറിച്ച് ഉദാരമായി കരുതിയിരുന്നു എന്നു തെളിയിക്കുന്നു.

പിന്നെയാണ് "എന്റെ ദൈവം" എന്ന വാക്ക് പൗലൊസ് വിരളമായിട്ടാണ് ഉപയോഗിച്ചത്. അത് വ്യക്തിപരമായ സ്പർശനത്തെയും വ്യക്തിപരമായ ആശ്രയ പ്രകടനത്തെയുമാണ് കാണിക്കുന്നത്. "എന്റെ ദൈവം" ഫലത്തിൽ, പൗലൊസ് പറഞ്ഞു, "*നിങ്ങളുടെ* ആവശ്യങ്ങൾ തീർത്തു തരും."

നമ്മുടെ ആവശ്യങ്ങൾ എല്ലാം തീർത്തു തരുവാൻ ദൈവത്തിനു കഴിയുമോ? "തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം" എന്ന പ്രയോഗം പരിഗണിക്കുക. "മഹത്വത്തിൽ" എന്നത് "നൽകും" ("മഹത്വകരമായി") എന്ന ക്രിയയെ വിശേഷിപ്പിക്കയാണോ? അല്ലെങ്കിൽ നാമം "ധനം" എന്നതിനെ ("മഹത്വകരമായ ധനം") അതോ അത് സ്വർഗത്തെയാണോ ("മഹത്വ" ദേശം) വിശേഷിപ്പിക്കുകയാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കിടയിൽ വാദമുണ്ട്. എങ്ങനെയായാലും, ദൈവത്തിന്റെ ഉറവിടങ്ങളെല്ലാം മഹത്വകരമാണ് എന്ന കാര്യത്തിൽ അവർ എല്ലാവരും യോജിക്കുന്നു, കാരണം അവ ഉതിർന്നുപോകയില്ല.

> അസംഖ്യം മക്കളുടെ അതിരില്ലാത്ത ആവശ്യങ്ങൾ നിറേവറ്റുവാൻ ദൈവത്തിനു കഴിയും കാരണം അവന്റെ മഹത്വത്തിനും ധനത്തിനും അതിരില്ല. ഒരു വ്യക്തിയുടെ പരിമിതമായ പണം വിവിധ കാര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ, അത് വർദ്ധിക്കുകയാണ്, എന്നാൽ ഒരു മനുഷ്യന് പരിധിയില്ലാത്ത പണം [ഉണ്ടാവുകയും], അത് പരിധിയില്ലാതെ നൽകുവാനും [കഴിഞ്ഞാൽ], അവനു ലഭിച്ചത് വർദ്ധിക്കുവാനിടയാകും. ദൈവ മഹത്വത്തിന് അതിരിലില്ലാത്തതിനാൽ, അസംഖ്യം ആവശ്യങ്ങൾ നിറവേറ്റുവാൻ ദൈവത്തിനു [കഴിയും], അപ്പോഴും ദൈവം പരിധിയില്ലാതെ ആവശ്യങ്ങൾ നിറവെറ്റിക്കൊണ്ടിരിക്കും.[10]

അതുകൊണ്ട്, "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികം ദൈവത്തിനു നമ്മിൽ ചെയ്യുവാൻ കഴിയും." (എഫെ. 3:20)! വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ പറഞ്ഞു,

> ഫിലിപ്പിയർ 4:18 ഉം 19 ഉം തമ്മിൽ ഒരു രസകരമായ അന്തരം കാണാം. നാം പൗലൊസ് പറഞ്ഞതിനെ സമാന്തരപ്രയോഗം നടത്തിയാൽ ഇങ്ങനെയായിരിക്കും അത് കാണുക: "നിങ്ങൾ എന്റെ ആവശ്യം നിറവേറ്റി, ദൈവം നിങ്ങളുടെ ആവശ്യം നിറവേറ്റും. എന്റെ ഒരാവശ്യമാണ് നിങ്ങൾ നിറവേറ്റിയത്, ദൈവം നിങ്ങളുടെ എല്ലാ ആവശ്യവും നിറവേറ്റും. നിങ്ങൾ നൽകിയത് നിങ്ങളുടെ ദാരിദ്ര്യത്തിൽനിന്നാണ്, പക്ഷെ എന്റെ ദൈവമോ നൽകുന്നത് "അവൻ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണമാണ്."[11]

വാക്യം 19 ൽ പൗലൊസ് ഒരു വസ്തുതയാണോ അതോ അവന്റെ ആഗ്രഹമാണോ പ്രകടിപ്പിക്കുന്നത് എന്ന ചോദ്യം ഉയർന്നേക്കാം. വസ്തുത എന്നതിനാണ് കയ്യെഴുത്തു പ്രതിയുടെ തെളിവ് അനുകൂലിക്കുന്നത്[12]–"ദൈവം നൽകും"–എൻഏഎസ്ബിയിൽ തർജിമ ചെയ്തിരിക്കുന്നത് അങ്ങനെയാണ്.

മുഖ്യ വാക്കുകൾ വാക്യത്തിന്റെ അവസാനം കാണാം: "ക്രിസ്തുയേശുവിൽ." മഹത്തായ വാഗ്ദാനം നിറവേറ്റുന്നത് "ക്രിസ്തുയേശുവിലാണ്," "ക്രിസ്തുയേശുവിൽ" ആയവർക്ക് മാത്രമാണ് അത്; അവനോട് ചേരുവാൻ സ്നാനം ഏറ്റവർക്കും അവനിൽ ജീവിക്കുന്നവർക്കും (റോമർ 6:3, 4; ഗലാ. 3:26, 27; കൊലൊ. 2:6).

## ദൈവത്തിന്നു മഹത്വം (4:20)

**[20]നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം. ആമേൻ.**

**വാക്യം 20.** തന്റെ പുകഴ്ച്ചയിൽനിന്നു പുറകോട്ട് പോകുവാൻ പൗലൊസിനു കഴിഞ്ഞില്ല: **ഇപ്പോൾ നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം. ആമേൻ.** "എന്റെ ദൈവം" എന്നാണ് പൗലൊസ് പറഞ്ഞത്; ഇപ്പോൾ, അവൻ തന്റെ വായനക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നു: "നമ്മുടെ ദൈവം." അവരുടെ ദൈവം "മഹത്വത്തിന്റെ ധനം" നൽകുകയും (4:19); അതുകൊണ്ട്, അവൻ തിരിച്ച്, മഹത്വം സ്വീകരിക്കുന്നു.

മൂലഭാഷയിൽ, തർജിമ ചെയ്തിരിക്കുന്നത് "എന്നും എന്നേക്കും" എന്നാണ്, അക്ഷരികമായ അർത്ഥം "കാലാകാലങ്ങൾ ആയി" എന്നാണ്. അക്കാലത്തെ ആളുകൾക്ക് നിത്യത മനസിലാക്കുവാൻ കഴിഞ്ഞിരുന്നത്, ഒരു കാലം കഴിഞ്ഞ്, അടുത്തത്, പിന്നെ അടുത്തത് എന്ന നിലയിലായിരന്നു. മഹത്വം എന്നേക്കും ദൈവത്തിന്ന്. നാം കൊടുക്കേണ്ടതുപോലെ കൊടുക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തലാണ്. നൽകുവാനുള്ള മറ്റൊരു അനുഗ്രഹം നമുക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ളതാണ്.

വേദഭാഗം അവസാനിപ്പിക്കുന്നതാണ് ആമേൻ: "അത് അങ്ങനെ ആകട്ടെ" അല്ലെങ്കിൽ "ഇത് സത്യം ആണ്." പൗലൊസ് എഴുതിയത്, തീർച്ചയായും, സംശയരഹിതവും ചോദ്യം ചെയ്യപ്പെടാനാവാത്തതുമാണ്! "നമ്മുടെ ദൈവവും പിതാവുമായവന്നു എന്നുമെന്നേക്കും മഹത്വം. ആമേൻ."

## പ്രായോഗികത

**നൽകൽ നിങ്ങൾക്ക് എന്തു ചെയ്യും (4:14–20)**

ഗുണഭോക്താവിന്ന് അത് എന്തു ചെയ്യുമെന്ന കാര്യത്തിൽ നൽകലിനെ സംബന്ധിച്ച് നമ്മുടെ കാഴ്ച്ചപ്പാട് പരിമിതമാണ്, നൽകുന്നയാൾക്ക് അത് എന്തു ചെയ്യുമെന്ന കാര്യത്തിലും നമ്മുടെ ചിന്ത വളരെ പരിമിതമാണ്. ബൈബിൾ അനുസരിച്ച്, നൽകൽ അത് ലഭിക്കുന്ന ആളേക്കാൾ പ്രയോജനം ലഭിക്കുന്നത് നൽകുന്ന ആൾക്കാണ് (മലാ. 3:10; ലൂക്കൊ. 6:38; പ്രവൃ. 20:35; 2 കൊ. 9:6–11 നോക്കുക).

**ഓരോ ആവശ്യവും നിറവേറ്റും (4:19)**

"ദൈവം നിങ്ങളുടെ ബുദ്ധിമുട്ടുകൾ എല്ലാം തീർത്തു തരും." ഫിലിപ്പിയരെ പോലെ നിസ്വാർത്ഥമായി നാം നൽകുകയാണെങ്കിൽ, ദൈവം തീർച്ചയായും നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി തരും. "നൽകുന്നതിനു കൈ അടച്ചുപിടിക്കുമ്പോൾ, ലഭിക്കുന്നതിനും അടച്ചുപിടിക്കുകയാണ്, എന്നാൽ നൽകുന്നതിന് തുറന്നു വെച്ചിരിക്കുന്ന കൈ സ്വീകരിക്കുന്നതിനു തുറന്നിരിക്കുകയാണ്."[13]

അതിനർത്ഥം നാം എന്തു ചോദിച്ചാലും ദൈവം തരും എന്നാണോ? അല്ല. "അവൻ നമ്മുടെ ആവശ്യങ്ങൾ നൽകും, അല്ലാതെ അത്യാഗ്രഹങ്ങളല്ല" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. നമുക്ക് നല്ലതും ഏറ്റവും ആവശ്യവുമായതാണ് ദൈവം നമുക്ക് നൽകുന്നത്. ഏൾ പാൽമർ എഴുതി, "നാം ആഗ്രഹിക്കുന്നതുപോലെയോ അല്ലെങ്കിൽ ചെയ്യുവാനാഗ്രഹിക്കുന്നതുപോലെയോ ആകുവാനല്ല, മറിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ ആകുവാനാണ് നമ്മുടെ ആവശ്യങ്ങൾ" എന്നു നിർവ്വചിക്കപ്പെട്ടിരിക്കുന്നു.[14]

നമുക്ക് ധാരാളം ആഗ്രഹങ്ങൾ ഉണ്ട്, എന്നാൽ താരതമ്യേന അടിസ്ഥാനപരമായ ആവശ്യങ്ങൾ വളരെ കുറവാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ പല വിധത്തിലാണ് മനശാസ്ത്രജ്ഞന്മാർ നിർവ്വചിച്ചിരിക്കുന്നത്, എന്നാൽ താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് നമ്മുടെ ഉദ്ദേശം നിറേവേറ്റുന്നതാണ്:[15]

ഭൗതികമായ ആവശ്യങ്ങൾ–ആഹാരം, വസ്ത്രം, താമസം, മറ്റാവശ്യങ്ങൾ.
ഭൗതിക ഭദ്രത–ഭാവിയിൽ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റും എന്ന ഉറപ്പ്.
വൈകാരിക ഭദ്രത–സ്വീകരിക്കുമെന്ന തോന്നൽ.
ജീവിതത്തിലെ ഒരു ഉദ്ദേശം–ആവശ്യം തോന്നൽ.
ഒരാളുടെ ശക്തി വർദ്ധിപ്പിക്കുവാനുള്ള അവസരം–വളരുക എന്ന ആവശ്യം.

ഈ എല്ലാ ആവശ്യങ്ങളും ദൈവം നൽകും എന്നു തിരിച്ചറിയുന്നത് മനോഹരമാണ്:

ഭൗതികമായ ആവശ്യങ്ങൾ–നാം അവന്റെ ഇഷ്ടം ചെയ്യുകയാണെങ്കിൽ, നമ്മുടെ ജീവിതത്തിലെ അത്യാവശ്യങ്ങൾ അവൻ നിറവേറ്റും എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു (മത്താ. 6:33).
ഭൗതികമായ ഭദ്രത–ഭാവിയിലും ദൈവം നമ്മെ കുറിച്ചു കരുതും എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു (മത്താ. 6:34; ഫിലി. 4:6 നോക്കുക).
വൈകാരിക ഭദ്രത–നിബന്ധനയില്ലാത്ത സ്നേഹം ദൈവം നമ്മിലേക്ക് പകരുന്നു (റോമർ 5:8; 8:35, 39).
ജീവിതത്തിലെ ഉദ്ദേശം–ക്രിസ്ത്യാനിയായി തീരുമ്പോൾ, നമുക്ക് ജീവിക്കുവാൻ ഒരു ഉദ്ദേശം ഉണ്ടാകുന്നു (ഫിലി. 1:21; എഫെ. 2:10).
ഒരാളുടെ ശക്തി വർദ്ധിപ്പിക്കുവാനുള്ള അവസരം–നമുക്ക് പക്വതയുള്ള ക്രിസ്ത്യാനികളാകാം (എഫെ. 4:15; കൊലൊ. 1:28).

ദൈവം നമുക്ക് നൽകുന്നവയിൽ പ്രമുഖസ്ഥാനത്ത് നിൽക്കുന്ന ദാനമാണ് അവന്റെ പുത്രനും രക്ഷാവാഗ്ദാനവും. “വലിയ ഹൃദയ വിശപ്പും–പാപക്ഷമാപണ ആവശ്യവും, സമാധാനവും, ആത്മിയ ശക്തിയും”[16] എല്ലാം ദൈവം നിറവേറ്റി തരും! കൂടാതെ, “മറ്റെല്ലാ വശങ്ങളിലും അവന്റെ ആത്മിയ അനുഗ്രഹങ്ങളും ഉറപ്പു നൽകുന്നു.” “സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏൽപിച്ചു തന്നവൻ അവനോടകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?” (റോമർ 8:32). ഈ വാക്യത്തെ കുറിച്ച് പെന്റെകോസ്റ്റൽ ഇങ്ങനെ പറഞ്ഞു:

> ഏറ്റവും നല്ല ആഭരണക്കടയിൽ പോയി ഞാൻ ഏറ്റവും നല്ല ഒരു ഡയമണ്ട് മോതിരം വാങ്ങിയിട്ട് അത് പൊതിയുവാൻ ഒരു കടലാസ് ആവശ്യപ്പെട്ടാൽ അത് തരുവാൻ കടയുടമ മടിക്കുകയില്ല. നമ്മുടെ ആത്മിയ ആവശ്യം നിറവേറ്റുവാൻ സ്വർഗത്തിലെ ഏറ്റവും ഉത്തമമായ സമ്പത്ത് നൽകുവാൻ ദൈവം മനസ് കാണിച്ചപ്പോൾ, നമ്മുടെ ഭൗതികമായ കാര്യങ്ങൾ നിറവേറ്റുന്നത് ദൈവത്തെ സംബന്ധിച്ച് ഒന്നുമല്ല.[17]

ദൈവം നമ്മുടെ താൽക്കാലികവും ആത്മികവുമായ ആവശ്യങ്ങളെല്ലാം നിറവേറ്റി തരും എന്നു പറഞ്ഞിരിക്കയാൽ നാം നമ്മുടെ ജോലിയും നമുക്ക് ഉള്ളതെല്ലാം വിട്ടുകളഞ്ഞു “അവനെ ആശ്രയിക്കണോ?” അതിന്റെ ആവശ്യമില്ല. കാരണം നമ്മുടെ ജോലിയും, സമ്പാദ്യവും എല്ലാം ദൈവം നൽകിയതു തന്നെയാണ് (യാക്കൊ. 1:17 നോക്കുക). “നിങ്ങൾക്ക് ദൈവം നൽകിയിട്ടുള്ളതെല്ലാം വലിച്ചെറിഞ്ഞിട്ട്, കർത്താവ് ആവശ്യങ്ങളെല്ലാം നിറവേറ്റുമെന്നു പറയുന്നത് വിഡ്ഢിത്തമാണ്.”[18] നമ്മോട് ജോലി ചെയ്യുവാനും (2 തെസ്സ. 3:10) നമുക്കും നമുക്കുള്ളവർക്കും വേണ്ടി അദ്ധ്വാനിക്കുകയും കരുതുകയും വേണം (എഫെ. 4:28; 1 തിമൊ. 5:8). അതേ സമയം, ദൈവം നമ്മെ കാത്തുകൊള്ളും എന്നത് മഹത്തായ കാര്യമല്ലേ? നമുക്ക് ആവശ്യമുള്ളത് ഉണ്ടോ എന്നു നോക്കുന്നവനാണ് ദൈവം!

അത് നമ്മിൽ ഒരു ചോദ്യം ഉയർത്തും: സൂചിപ്പിച്ചതുപോലെ, അവൻ നമുക്ക് ജോലി ചെയ്യുവാനുള്ള കഴിവും അവസരവും നൽകുന്നു. മറ്റു മാർഗത്തിൽകൂടെയും ചെയ്യും. മറ്റുള്ളവരിൽകൂടെ അവൻ പൗലൊസിന്റെ ആവശ്യങ്ങൾ നിറവേറ്റി (ഫിലി. 4:18), അവൻ നമ്മുടെ ആവശ്യങ്ങളും ഒരുപക്ഷെ അങ്ങനെ നിറവേറ്റിയേക്കാം. വീണ്ടും, തുടർച്ചയായുള്ള അവന്റെ കരുതൽ അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട് (റോമർ. 8:28). പിന്നെ, എല്ലായ്പോഴും, അവന്റെ വ്യക്തിപരമായ സ്നേഹത്താലും, കരുതലിനാലും, നമ്മുടെ ആത്മിയാവശ്യങ്ങളെല്ലാം അവൻ നിറവേറ്റും (റോമർ. 8:39). ദൈവം നമ്മെ എങ്ങനെ സഹായിക്കുമെന്ന് അറിയുന്നതല്ല പ്രധാനം, മറിച്ച്–അവൻ അത് ചെയ്യുമെന്ന് വിശ്വസിക്കുക–അവനിൽ ആശ്രയിക്കുവാൻ ശീലിക്കുക.

### ആവശ്യങ്ങൾ നിറവേറ്റും (4:19)

ക്രിസ്തുയേശുവിൽ നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റുന്നതിനെ കുറിച്ച് പെന്റെകോസ്റ്റൽ യോജിച്ച ഈ അഭിപ്രായം നൽകി:

> വാഗ്ദാനം ... മുൻപ് അനുസരണം ആവശ്യപ്പെടുന്നു. അനുസരണം

കൂടാതെ വാഗ്ദാനം നിറവേറണമെന്ന് ആഗ്രഹിക്കുന്നവർ അഹങ്കാരികളാണെന്നു വരുന്നു. അത് വിശ്വാസമില്ലായ്മയാണ് തെളിയിക്കുന്നത് ...

... പുരുഷാരത്തോട് നമ്മുടെ കർത്താവ് പറഞ്ഞു, "എന്റെ പിതാവ് പുഷ്പങ്ങളെയും പറവകളെയും കരുതുന്നവനാണ്, എന്നാൽ മുൻപെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതെല്ലാം നിങ്ങൾക്ക് തരും."

നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തു ശരിയായ സ്ഥാനത്ത് അല്ലെങ്കിൽ, നാം ദൈവേഷ്ടത്തോടെ ജീവിക്കുന്നില്ലെങ്കിൽ, "[നമ്മുടെ] ദൈവം [നമ്മുടെ] ആവശ്യങ്ങൾ എല്ലാം നിറവേറ്റി തരും എന്നു വിചാരിക്കുന്നത് വിഡ്ഢിത്തമാണ്."[19]

എങ്ങനെയായാലും, നാം അവന്റെ ഇഷ്ടം ചെയ്യുവാൻ കടപ്പെട്ടിരിക്കുകയാണ്–വേണ്ടവിധത്തിൽ നൽകുന്നതടക്കം നാം ചെയ്താൽ–അവൻ വാഗ്ദാനം ചെയ്ത എല്ലാ ആവശ്യങ്ങളും നിറവേറ്റും.

**സമൃദ്ധമായ പ്രയോജനം (4:14–20)**

കർത്താവ് കൽപിച്ചതുപോലെ നാം നൽകുകയാണെങ്കിൽ നിരവധി അനുഗ്രഹങ്ങൾ കർത്താവ് നൽകും. ഫിലിപ്പിയർ നൽകിയത് ആ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായിരുന്നോ? അല്ലായിരിക്കാം. പൗലൊസ് എവിടെയായിരുന്നു എന്നും എങ്ങനെയായിരുന്നു എന്നും അറിഞ്ഞ് അവനെ സ്നേഹിക്കയാലത്രെ അവർ സഹായം എത്തിച്ചുകൊടുത്തത്. അവരുടെ ഔദാര്യം ഫലവത്തായി തീരും എന്നറിഞ്ഞപ്പോൾ ഒരുപക്ഷെ അതിശയിച്ചുകാണും.

അവരുടെ പങ്കിടൽ മുഖാന്തരം അവർ അനുഗ്രഹിക്കപ്പെട്ടു.

മറ്റുള്ളവരെ സഹായിക്കുന്നതിലെ തൃപ്തി അവർ അറിഞ്ഞു
അവർ നൽകിയപ്പോൾ അവരുടെ സ്വർഗീയ "കണക്കിലേക്ക്" വർദ്ധനവ് വരുത്തുകയായിരുന്നു.
അവരുടെ സംഭാവന കർത്താവിനു പ്രസാദകരമായ "യാഗമായി" തീർന്നു.
അവരുടെ ആവശ്യങ്ങളെല്ലാം ദൈവം തീർത്തു തരും എന്ന വാഗ്ദാനവും അവർക്ക് ലഭിച്ചു.
തൽഫലമായി ദൈവത്തിനു മഹത്വം ലഭിക്കുകയും ചെയ്തു.

ഒരിക്കലും സംശയിക്കരുത്. ഫിലിപ്പിയരുടെ ഉദാരമായ സംഭാവന അവർക്ക് ചെയ്തതു നിങ്ങൾക്കും ചെയ്യും! "കൊടുപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും" (ലൂക്കൊ. 6:38).

---

കുറിപ്പുകൾ

[1]ഡബ്ലിയു ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി

ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്, എഡി. കോഫ്ലെൻബെർജർ III (മിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 30–31. [2]ഇബിഡ്, 494. [3]ആൽഫ്രെഡ് മാർഷൽ, *ദ ഇന്റർലീനിയർ ഗ്രീക്ക്-ഇംഗ്ലീഷ് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സറ്റർ & സൺസ് ലിമിറ്റഡ്., 1958), 788. [4]ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്*: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ് (നാഷ്വിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 121. [5]ജാക് ജെ. മുള്ളർ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്, ആന്റ് ടു ഫിലെമോൻ*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്,. മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1955), 149. [6]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 204. [7]ജോൺ ഏ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ്ഹൗസ്, ആന്റ് ജെ. ഫ്രെഡ് പാർക്കർ, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ബീക്കൺ ബൈബിൾ എക്സ്പൊസിഷൻസ് (കൻസാസ് സിറ്റി. മോ: ബീക്കൺ ഹിൽ പ്രസ്, 1985), 122. [8]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ: ആർ. ബി. സ്വീറ്റ് കമ്പനി. 1969), 147–48. [9]ജെ ഡ്വിറ്റ് പെന്റെകോസ്റ്റ്, *ദ ജോയ് ഓഫ് ലിവിങ്*: *ഏ സ്റ്റഡി ഓഫ് ഫിലിപ്പിയൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ് 1973), 239. [10]ഇബിഡ്.

[11]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം 2 (വീറ്റൺ Ill.: വിക്ടർ ബുക്സ്, 1989), 99. [12]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം 43 (വാക്കൊ, ടെക്സ്.: വേർഡ് ബുക്സ്, 1983), 208. [13]വെൻഡെൽ വിങ്ക്ലെർ, "ക്രിസ്റ്റ്യൻ ഫെലോഷിപ്; ഗോഡ് വിൽ പ്രൊവൈഡ്": സെയിന്റ്സ് ഇൻ സീസേഴ്സ് ഹൗസ്ഹോൾഡ്: സലൂറ്റേഷൻസ് ആന്റ് ദ ബെനെഡിക്ഷൻ." *ഇൻ ഏ ഹൊമിലെറ്റിക് കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ്,* എഡി. ഗർലാന്റ് എൽക്കിൻസ് ആന്റ് തോമസ് ബി. വാരെൻ (മെംഫിസ്: ഗെറ്റ്വെൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, 1987), 285. [14]ഏൾ എഫ്.പാൽമർ, ഇന്റെഗ്രിറ്റി ഇൻ ഏ വേൾഡ് ഓഫ് പ്രെട്ടെൻസ്: ഇൻസൈറ്റ്സ് ഫ്രം ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 176. [15]അഡാപ്റ്റഡ് ഫ്രം അൺപബ്ലിഷ്ഡ് ക്ലാസ് നോട്ട്സ് ബൈ ഡേവിഡ് എൽ. റോപ്പർ: "വിക്ടറി ഓവർ ദ ചലെഞ്ച് ഓഫ് ലൈഫ്." ദ ലിസ്റ്റ് ഈസ് ബേസ്ഡ് ഓൺ ഏ നമ്പർ ഓഫ് കൗൺസലിങ് ബുക്ക്സ്. [16]മലോൺ, 122. [17]പെന്റെകോസ്റ്റ്, 245. [18]ഇബിഡ്., 244. [19]ഇബിഡ്., 243–44.